പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6412 08.07.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യുടെ വിജിലൻസ് സ്ക്വാഡ്

ചോദ്യം

ശ്രീ. സണ്ണി ജോസഫ് :
" വി. സി. വിഷ്ണുനാഥ് :
" ഷാഫി പറമ്പിൽ :
" എ. പി. അബ്ദുള്ളക്കുട്ടി :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വരുമാനച്ചോർച്ച തടയുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. -യിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ബസ് പരിശോധനയിലൂടെ വരുമാന ചോർച്ച തടയുന്നതിനോടൊപ്പം വരുമാന വർദ്ധനവ് ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ കൂടി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി 01.04.2013 മുതൽ 10.04.2013 വരേയും 13.05.2013 മുതൽ 25.05.2013 വരേയും പ്രധാന സ്റ്റോപ്പുകളിൽ വിജിലൻസ് വിഭാഗം ഇൻസ്പെക്ടർമാരെ വിന്യസിപ്പിച്ചുകൊണ്ടുള്ള പോയിന്റ് ഡ്യൂട്ടി സംവിധാനം ഏർപ്പെടുത്തിയിരുന്നു. ബസ്സ് പരിശോധനയിലും വിജിലൻസ് അന്വേഷണങ്ങളിലും പങ്കെടുക്കേണ്ട വിജിലൻസ് വിഭാഗം ഇൻസ്പെക്ടർമാരെ പോയിന്റ് ഡ്യൂട്ടികൾക്കായി തുടർച്ചയായി നിയോഗിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ടി വിഭാഗം ഇൻസ്പെക്ടർമാരെ പിൻവലിച്ച് ഓർഡിനറി വിഭാഗം ഇൻസ്പെക്ടർമാരാണ് നിലവിൽ പോയിന്റ് ഡ്യൂട്ടികളിൽ ഏർപ്പെടുന്നത്. വരുമാന ചോർച്ച തടയുകയും, അതോടൊപ്പം കളക്ഷൻ വർദ്ധിപ്പിക്കുന്നതിനും വേണ്ടി 02.06.2014 മുതൽ 13.06.2014 വരെ വിജിലൻസ് വിഭാഗം ഇൻസ്പെക്ടർമാരെയും ഓർഡിനറി വിഭാഗം ഇൻസ്പെക്ടർമാരെയും സംയുക്തമായി നിയോഗിച്ച് പ്രത്യേക പരിശോധന നടത്തിയിരുന്നു. തുടർന്നും ഇത്തരം പ്രത്യേക പരിശോധന സംഘടിപ്പിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി കോർപ്പറേഷനിലെ വിജിലൻസ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (ബി) | വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തി ശക്തമാക്കിയിട്ടുണ്ട്. |
| (സി) | സ്ക്വാഡുകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | വിജിലൻസ് വിഭാഗത്തിൽ 21 സ്ക്വാഡ് യൂണിറ്റുകളാണ് നിലവിലുള്ളത്. ഓരോ സ്ക്വാഡ് യൂണിറ്റിലും ഇൻസ്പെക്ടർ-ഇൻ-ചാർജ്ജ് ഉൾപ്പെടെ 13 ഇൻസ്പെക്ടർമാരാണുള്ളത്. വിജിലൻസ് വിഭാഗം പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ചീഫ് ഓഫീസിലുള്ള വിജിലൻസ് ഓഫീസറുടെ ഓഫീസിൽ 8 ഇൻസ്പെക്ടർമാരും പ്രവർത്തിച്ചു വരുന്നു. മൂന്നു മാസത്തിൽ ഒരിക്കൽ എല്ലാ ഇൻസ്പെക്ടർ-ഇൻ-ചാർജ്ജുമാരുടെയും യോഗം വിളിച്ചു ചേർക്കുകയും വിജിലൻസ് വിഭാഗം പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്തു വരുന്നു. ബസ് പരിശോധനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിയും വരുമാനവർദ്ധനവിന് മുൻതൂക്കം നൽകിയുമുള്ള പ്രവർത്തനമാണ് വിജിലൻസ് വിഭാഗം സ്വീകരിച്ചു വരുന്നത്. |
| (ഡി) | കെ.എസ്.ആർ.ടി.സി-യുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സ്ക്വാഡുകൾക്ക് നിർദ്ദേശങ്ങൾ നൽകുമോ; വിശദമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ നിർദ്ദേശാനുസരണം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സ്ക്വാഡ് ഇൻസ്പെക്ടർമാരെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പരാതികളിൽ, പ്രസ്തുത പരാതി 21 സ്ക്വാഡ് യൂണിറ്റുകളിൽ ഏത് യൂണിറ്റിന്റെ കീഴിലാണ് വരുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ് പരാതി അന്വേഷണത്തിനായി നൽകുന്നത്. |

സെക്ഷൻ ഓഫീസർ